പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 3854 — 21.10.2016 ലെ മറുപടിയ്ക്ക്

## കൃഷി വകുപ്പിന്റെ ആന്വൽ ഓഡിറ്റ് റിപ്പോർട്ട്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.പി.കെ.ബഷീർ | ശ്രീ.വി.എസ്.സുനിൽ കുമാർ<br>(കൃഷി വകുപ്പ് മന്ത്രി) |
| എ) കൃഷി വകുപ്പിന് കീഴിൽ ആന്വൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിയ്ക്കുവാൻ വ്യവസ്ഥ ചെയ്തിട്ടുള്ള സ്ഥാപനങ്ങളോ ഏജൻസികളോ നിലവിലുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ;<br><br>(ബി) രണ്ടു വർഷത്തിലധികമായി ആന്വൽ ഓഡിറ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിയ്ക്കാത്ത സ്ഥാപനങ്ങളോ ഏജൻസികളോ നിലവിലുണ്ടോ; വിശദാംശം അറിയിക്കുമോ; | (എ) & (ബി) കൃഷി വകുപ്പിന്റെ കീഴിൽ വരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിലും മറ്റ് സ്ഥാപനങ്ങളിലും വാർഷിക വരവ് ചെലവ് കണക്ക് തയ്യാറാക്കുന്നതിന് ചാർട്ടേർഡ് അക്കൗണ്ടന്റ്മാരെ നിയോഗിക്കാറുണ്ട്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ, കണക്ക് തിട്ടപ്പെടുത്തിയ വിനിയോഗ സർട്ടിഫിക്കറ്റ് ആവശ്യപ്പെടുന്ന പക്ഷം അത്തരം പദ്ധതികളുടെ വരവ് ചെലവ് കണക്കാക്കുന്നതിലേയ്ക്കും ഇത്തരത്തിൽ ഓഡിറ്റർമാരെ നിയോഗിക്കാറുണ്ട്. എന്നാൽ ചില സ്ഥാപനങ്ങൾ സമയബന്ധിതമായി വരവ് ചെലവ് കണക്ക് സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടുണ്ട്. സമയബന്ധിതമായി വരവ് ചെലവ് കണക്ക് തയ്യാറാക്കി സമർപ്പിക്കുവാൻ എല്ലാ സ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) ആന്വൽ ഓഡിറ്റ് റിപ്പോർട്ടുകൾ യഥാസമയം തയ്യാറാക്കി സമർപ്പിയ്ക്കുവാൻ നടപടി സ്വീകരിക്കുമോ? | (സി) നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ